# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 5893

**30.07.15 ൽ മറുപടി നൽകേണ്ടിരുന്നത്.**

**വ്യവസായ വാണിജ്യ വകുപ്പിലെ സ്ഥാനക്കയറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | **ശ്രീമതി.കെ.എസ്.സലീഖ** | | **ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി)** |
| (എ) | വ്യവസായ വാണിജ്യ വകുപ്പിൻകീഴിൽ ഓരോ വിഭാഗത്തിലും എത്ര ജീവനക്കാരുണ്ടെന്നും, വിവിധ തസ്തികകളിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്നും, ഈ സർക്കാരിന്റെ കാലയളവിൽ എത്രപേർക്ക് നിയമനം നൽകിയെന്നും വ്യക്തമാക്കുമോ; | (എ) | അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | സ്ഥാനക്കയറ്റം സംബന്ധിച്ച ജി.ഒ എം.എസ് നം. 288/റ്റി1/പി.ഡി. തീയതി: 1.9.1971 എന്നാണ് വ്യവസായ വകുപ്പിൽ നടപ്പാക്കിയത്; ഈ സർക്കാരിന്റെ കാലയളവിൽ പ്രസ്തുത ഉത്തരവ് പ്രകാരം സ്ഥാനക്കയറ്റത്തിന് യോഗ്യരായവർ ആരെല്ലാം ; എത്രപേർക്ക് സ്ഥാനക്കയറ്റം നൽകി ; ഇനി എത്ര പേർക്ക് നൽകാനുണ്ട്; യോഗ്യരായവരിൽ സ്ഥാനക്കയറ്റം ലഭിയ്ക്കാത്തവർ ആരെല്ലാം എന്നും എന്തുകാരണങ്ങളാലാണ് അവരുടെ സ്ഥാനക്കയറ്റം തടഞ്ഞുവെച്ചിട്ടുള്ളത് എന്നും തസ്തിക തിരിച്ച് വിശദാംശം ലഭ്യമാക്കുമോ; | | 1979 മുതൽ നടപ്പിലാക്കി. ഈ വകുപ്പിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ 2002- ലെ ഉത്തരവ് പ്രകാരം 34 തസ്തികകൾ കുറവ് ചെയ്യുകയും കുറവ് ചെയ്ത തസ്തികകൾ സൂപ്പർ ന്യൂമററിയായി നിലനിർത്തുകയും ചെയ്തിരുന്നു. ടി തസ്തികകൾ ക്രമീകരിക്കപ്പെട്ടത് വിരമിക്കൽ മൂലം വന്നിട്ടുള്ള ഒഴിവുകളിലൂടെയാണ്. ഈ വകുപ്പിൽ നിലവിൽ 27 കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികകളാണ് ഉള്ളത്. അതിൽ 8 ഒഴിവുകളാണുള്ളത്. 3 ഒഴിവുകൾ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br>ജി.ഒ(എം.എസ്) നം. 288/റ്റി1/പി.ഡി തീയതി 01.09.1971 പ്രകാരം ഒഴിവുള്ള കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികകളിലേയ്ക്ക് 1:1 അനുപാതത്തിൽ തസ്തികമാറ്റം മുഖേന നിയമനം നൽകുന്നതിന് ടൈപ്പിസ്റ്റുമാരിൽ നിന്നും യോഗ്യരായവരെ കണ്ടെത്തുന്നതിനുള്ള |

| | | | |
|---|---|---|---|
| | | | നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ സർക്കാരിന്റെ കാലഘട്ടത്തിൽ ആർക്കുംതന്നെ തസ്തികമാറ്റം വഴി കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ നിയമനം നൽകിയിട്ടില്ല. തസ്തികമാറ്റം വഴിയുള്ള നിയമനം തടയപ്പെട്ടിട്ടില്ല. ഈ വകുപ്പിലെ ഉപ ഓഫീസുകളിൽ നിന്നും വിവരങ്ങൾ പൂർണ്ണമായും ലഭ്യമായതിനുശേഷം മാത്രമേ യോഗ്യരായ ജീവനക്കാരെ കണ്ടെത്താൻ കഴിയൂ. |
| (സി) | തടഞ്ഞുവെച്ചിട്ടുള്ള സ്ഥാനക്കയറ്റ അപേക്ഷകളിൽ യഥാസമയം മറുപടി നൽകിയവരും തുടർ അപേക്ഷകൾ നൽകിയവരും ആരെല്ലാം എന്നും അവയിൽ എന്തു നടപടികൾ സ്വീകരിച്ചു എന്നും വ്യക്തമാക്കുമോ? | | ആരുടേയും അപേക്ഷ തടഞ്ഞുവച്ചിട്ടില്ല.<br>1) ശ്രീമതി.ആതിര.ജി, വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്,<br>2) ശ്രീമതി.കൊച്ചുമോൾ.എം., കൈത്തറി ഡയറക്ടറേറ്റ്<br>3) ശ്രീമതി.സിമി.എസ്.കെ, വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്<br>4) ശ്രീമതി.സന്ധ്യ.പി.യു. വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് എന്നിവരാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. ടി തസ്തികയിൽ ഒഴിവുവന്ന സാഹചര്യത്തിൽ വകുപ്പിലെ മറ്റ് യോഗ്യരായ ടൈപ്പിസ്റ്റുമാർക്ക് കൂടി അവസരം നൽകുന്നതിന് ഉപഓഫീസുകളിൽ നിന്നും വിവരം ശേഖരിച്ചുവരികയാണ്. |

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

**സെക്ഷൻ ഓഫീസർ**